3. നൈട്രേറ്റ് : എല്ലാ ജില്ലകളിലെയും ചില പ്രദേശങ്ങളിൽ മാത്രം.

4. ട്രേസ് എലമെന്റ്സ് (ലെഡ്, ക്രോമിയം) : പാലക്കാട്, കൊല്ലം, എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ വ്യാവസായിക കേന്ദ്രങ്ങളിൽ.

അപകട ചികിത്സാ പദ്ധതി

15 (*525) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ അപകട ചികിൽസാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) അപകട ചികിൽസാ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ; ഇതുവരെ എത്ര തുക ലഭിച്ചു ;

(സി) അപകട ചികിൽസാ പദ്ധതിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനു ശേഷം ധനസഹായമായി എത്ര തുക വിതരണം ചെയ്തു ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) 2011-12 മുതൽ 2014-15 വരെയുള്ള വാർഷിക പദ്ധതിയിൽ ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന പരിപാടിയിൽ ട്രോമാ കെയർ യൂണിറ്റുകൾ, തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ടി പദ്ധതിക്കായുള്ള തുക പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് റോഡ പകടങ്ങൾ കാരണം സംഭവിക്കുന്ന മരണങ്ങളുടെയും നിത്യ വൈകല്യങ്ങളുടെയും തോത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദൂരന്ത സ്ഥലത്ത് ആദ്യം എത്തുന്ന പോലീസ് വിഭാഗത്തിന് അപകടത്തിൽപ്പെട്ട രോഗികളെ ശാസ്ത്രീയമായി പരിചരിക്കുന്നതിനും ചികിത്സാ കേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും വിദഗ്ധ പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പും ആഭ്യന്തര വകുപ്പും

LIBRARY ARCHIVES Kerala Legislative Assembly

സംയുക്തമായി ചേർന്ന് SMILE (Seamless Medical Intervention in Life Saving & Emergencies) എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുന്നതിനായിട്ടാണ് 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 1580 ലക്ഷം രൂപ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡായി ലഭിച്ചിട്ടുള്ളത്. അപകട ചികിത്സാ പദ്ധതിക്കായി തുക ലഭിച്ചിട്ടില്ല.

ആലപ്പുഴ മെഡിക്കൽ കോളേജിൽ അപകടത്തിൽപ്പെട്ട് എത്തുന്ന രോഗികൾക്ക് വിദഗ്ധ വൈദ്യസഹായം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ട്രോമാ കെയർ സെന്റർ സ്ഥാപിക്കുവാൻ കേന്ദ്ര ധനസഹായമായി 2014-15 സാമ്പത്തിക വർഷം ആറ് കോടി രൂപ ലഭിച്ചു. ടി സെന്റർ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ട്രോമാകെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മാത്രമായിട്ടാണ് തുക ലഭിച്ചിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും മാത്രമാണ് ഈ പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

(ഡി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ ട്രോമാകെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് മാത്രമായിട്ടാണ് പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് ലഭിച്ചിട്ടുള്ളത്. എന്നാൽ അപകടത്തിൽപ്പെടുന്നവർക്കായി ആരോഗ്യവകുപ്പിൽ നിന്നും ധനസഹായങ്ങളൊന്നും നൽകുന്നില്ല.

വിനോദ സഞ്ചാരമേഖലയിലെ താമസസൗകര്യം

16 (*526) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര മേഖലയിലെ താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly